**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1784** **09-12-2022 - ൽ മറുപടിയ്ക്ക്**

**കൃഷിനാശവും നഷ്ടപരിഹാരവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും കർഷകർക്കുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരമായി ഇനി എത്ര തുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | കൃഷിനാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിഹിതമായി 3414.95350 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതമായി 1076.63591 ലക്ഷം രൂപയും വിതരണം ചെയ്യാൻ ബാക്കിയുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും എത്ര കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;ഇവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായം വിതരണം ചെയ്തിട്ടുണ്ട്; വിവരം അറിയിക്കാമോ; | (ബി) | കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 26 കർഷക ആത്മഹത്യകൾ സ്ഥിരീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കർഷക ആത്മഹത്യകൾ സ്ഥിരീകരിച്ചിട്ടില്ല. ഇടുക്കി, വയനാട് ജില്ലകളിൽ ആത്മഹത്യ ചെയ്ത 14 കർഷകരുടെ കുടുംബങ്ങൾക്കായി 44 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | കാർഷിക വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയ എത്ര കർഷകർക്ക് നിലവിൽ ജപ്തി നടപടികൾ നേരിടേണ്ടി വരുന്നുണ്ട്; ഈ സർക്കാരിന്റെ കാലത്ത് ജപ്തി നടപടി പൂർത്തിയായ എത്ര കേസുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) | സഹകരണ ബാങ്കുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | മങ്കട നിയോജകമണ്ഡലത്തിലെ എത്ര കർഷകർക്ക് എത്ര രൂപയുടെ നഷ്ടപരിഹാരത്തുക കുടിശ്ശികയായുണ്ട്; വിശദാംശം ലഭ്യമാക്കുമോ; കുടിശ്ശികയായ നഷ്ടപരിഹാരത്തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മങ്കട നിയോജകമണ്ഡലത്തിലെ കർഷകർക്ക് വിളനാശം മൂലമുള്ള നഷ്ടപരിഹാരം, സംസ്ഥാന വിഹിതം 53 കർഷകർക്കായി 4,85,219/- രൂപയും എസ്.ഡി.ആർ.എഫ്. വിഹിതം 12 കർഷകർക്കായി 48,531/- രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 32 കർഷകർക്കായി 6,83,400/- രൂപയും നൽകുവാനുണ്ട്. വിശദാംശങ്ങൾ അനുബന്ധം - 3 ആയി ഉള്ളടക്കം ചെയ്യുന്നു. തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| കൃഷി നാശ നഷ്ടപരിഹാരം നല്കുവാനുള്ളത് | | |
|---|---|---|
| ജില്ല | സംസ്ഥാന വിഹിതം ഇനിയും ആവശ്യമായ തുക (രൂപയിൽ ) | SDRF വിഹിതം ഇനിയും ആവശ്യമായ തുക (രൂപയിൽ ) |
| ആലപ്പുഴ | 23,91,942 | 4,16,23,686 |
| എറണാകുളം | 4,39,30,663 | 43,89,843 |
| ഇടുക്കി | 1,43,34,322 | 40,46,777 |
| കണ്ണൂർ | 1,35,80,009 | 14,77,308 |
| കാസർഗോഡ് | 87,09,811 | 7,77,970 |
| കൊല്ലം | 37,21,314 | 7,76,206 |
| കോട്ടയം | 32,67,301 | 2,59,30,550 |
| കോഴിക്കോട് | 2,63,20,557 | 19,86,642 |
| മലപ്പുറം | 4,80,59,691 | 41,08,941 |
| പാലക്കാട് | 1,64,03,296 | 15,16,873 |
| പത്തനംതിട്ട | 1,50,52,353 | 76,48,868 |
| തിരുവനന്തപുരം | 4,82,53,365 | 4,63,022 |
| തൃശ്ശൂർ | 3,08,82,887 | 1,03,73,279 |
| വയനാട് | 6,65,87,839 | 25,43,626 |
| ആകെ | 34,14,95,350 | 10,76,63,591 |

## അനുബന്ധം - 2

| ക്രമ നം. | ജില്ല | തിരിച്ചടവ് മുടങ്ങി ജപ്തി നടപടികൾ നേരിടേണ്ടി വരുന്ന കർഷകരുടെ എണ്ണം | ഈ സർക്കാരിന്റെ കാലത്ത് ജപ്തി നടപടി പൂർത്തിയാക്കിയ കർഷകരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 5555 | 32 |
| 2 | കൊല്ലം | 352 | 0 |
| 3 | പത്തനംതിട്ട | 4 | 0 |
| 4 | ആലപ്പുഴ | 509 | 0 |
| 5 | കോട്ടയം | 78 | 0 |
| 6 | ഇടുക്കി | 5496 | 0 |
| 7 | എറണാകുളം | 0 | 0 |
| 8 | തൃശ്ശൂർ | 215 | 0 |
| 9 | പാലക്കാട് | 0 | 0 |
| 10 | മലപ്പുറം | 88 | 0 |
| 11 | കോഴിക്കോട് | 428 | 3 |
| 12 | വയനാട് | 0 | 0 |
| 13 | കണ്ണൂർ | 1102 | 0 |
| 14 | കാസർഗോഡ് | 618 | 2 |
| ആകെ | | 14445 | 37 |

# അനുബന്ധം 2

മങ്കട നിയോജകമണ്ഡലത്തിലെ കൃഷി നാശ നഷ്ടപരിഹാരം നല്കുവാനുള്ളത്

| കൃഷി ഭവൻ | സംസ്ഥാന വിഹിതം ഇനിയും ആവശ്യമായ തുക (രൂപയിൽ ) | SDRF വിഹിതം ഇനിയും ആവശ്യമായ തുക (രൂപയിൽ ) | കർഷകരുടെ എണ്ണം | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം | കർഷകരുടെ എണ്ണം |
|---|---|---|---|---|---|
| കൂട്ടിലങ്ങാടി | 48344 | 2269 | 2 | 153700 | 9 |
| കുറുവ | 174998 | 20062 | 3 | 185250 | 6 |
| മകരപ്പറമ്പ | 151070 | 6906 | 2 | 120900 | 4 |
| മങ്കട | 37003 | 1431 | 1 | 85800 | 4 |
| മൂർക്കനാട് | 151070 | 139 | 1 | 0 | 0 |
| പുഴക്കാട്ടിരി | 597 | 14593 | 2 | 49900 | 8 |
| അങ്ങാടിപ്പുറം | 72696 | 3131 | 1 | 87850 | 5 |
| Total | 485219 | 48531 | 12 | 683400 | 36 |